(സി) തൊട്ടക്കാട് കെ. പി. 4-ൽ 296-ാം നമ്പർ വീട്ടിൽ ശിവാനന്ദൻ (2) ടി ദേശത്ത് കുന്നിൽവീട്ടിൽ രാഘവൻ പ്രശാന്തൻ (3) ടി വീട്ടിൽ രാഘവൻ പ്രസന്നൻ (4) ടി ദേശത്ത് ആണ്ടിക്കോണത്ത് വീട്ടിൽ പത്മനാഭൻ വിഷ്ണുദേവൻ (5) ടി ദേശത്ത് കുന്നിൽ കിഴക്കുംകര പുത്തൻവീട്ടിൽ പത്മനാഭൻ ദിവാകരൻ എന്നിവരാണ് പ്രതികൾ.

(ഡി, ഇ) ഉണ്ട്, പ്രതികളുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും 5-ാം പ്രതിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്യുകയും മറ്റു പ്രതികൾ കോടതിയിൽ നിന്ന് ജാമ്യം എടുക്കുകയും ടി കേസ് ആറ്റിങ്ങൽ ജൂഡീഷ്യൽ സബ് ഡിവിഷൻ മജിസ്ട്രേട്ട് കോടതി മുൻപാകെ 5-3-1979-ന് ചാർജ് ചെയ്തിട്ടുണ്ട്.

ഹരിജൻ സ്ത്രീയെ മർദ്ദിച്ചതായി പരാതി

1121 [1771] ശ്രീ. പി. കെ. ചാത്തൻമാസ്റ്റർ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ:

(എ) ഗസിയാമ് എന്ന ഹരിജൻ സ്ത്രീയെ മർദ്ദിച്ചവശയാക്കിയതായി ഒരു പരാതി 28-1-1979-ൽ കാട്ടാക്കടപോലീസിൽ കിട്ടുകയുണ്ടായോ;

(ബി) പോലീസ് ഏപ്പോഴാണ് സ്ഥലത്തുപോയതെന്നും ഗസിയാളെ ആശുപത്രിയിലേയ്ക്കു അയക്കുകയുണ്ടായോ എന്നും വ്യക്തമാക്കുമോ;

(സി) ആരാണ് ഈ സ്ത്രീയെ മർദ്ദിച്ചതെന്നും മർദ്ദിച്ചയാളിന്റെ പേരിൽ എന്ത് നടപടി എടുത്തു എന്നും വ്യക്തമാക്കുമോ;

(ഡി) എതിർകക്ഷി മുഖേന സ്വാധീനം വഴി ആശുപത്രിയിൽനിന്നും ആട്ടിയിറക്കിയരോഗി പരവശയായി ജനറൽ ആശുപത്രിയിലേക്കു മരുപാസ് തരണമെന്ന് സൂപ്രണ്ടിൽ വന്ന് ആവശ്യപ്പെടുകയുണ്ടായോ; ആവശ്യപ്പെട്ടുവെങ്കിൽ കൊടുക്കുകയുണ്ടായോ;

(ഇ) പിന്നീട് ജനറൽആശുപത്രിയിൽ പോയ ഗസിയാളെ അവിടെ അഡ്മിറ്റ് ചെയ്യുകയും 10 ദിവസം ആശുപത്രിചികിൽസയിൽ കിടന്നിരുന്നുവെന്നുപറയുന്നതും ശരിയാണോ;

(എഫ്) ഇത്രയൊക്കെയായിട്ടും എതിരാളിയുടെമേൽ പോലീസ് ഒരു നടപടിയും എടുത്തില്ലെന്നുള്ളത് ശരിയാണോ;

(ജി) നടപടി എടുത്തുവെങ്കിൽ എന്ത്;

(എച്ച്) ഈ ആവലാതിക്കാര്യം തിരുവനന്തപുരം റൂറൽ ഡി. എസ്. പി. യുടെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഐ) ഉണ്ടെങ്കിൽ എന്ന്; എന്തെങ്കിലും നടപടി എടുത്തുവോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അന്നേദിവസം വൈകുന്നേരം ഗസിയാളെ ആശുപത്രിയിലേക്കയച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കേശവപിള്ള (കൊല്ലോട്) പ്രതിയായി ഒരു കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും കേസ് ചാർജ്ജുചെയ്യുകയും ചെയ്തിട്ടുണ്ട്.

(ഡി) ആവശ്യപ്പെട്ടിട്ടില്ല.

(ഇ) അറിവില്ല.

(എഫ് ആൻഡ് ജി) (സി) ഇത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(എച്ച്) ഉണ്ട്.

(ഐ) 20-2-1979-ൽ തിരുവനന്തപുരം റൂറൽ ഡി. എസ്. പി. ഓഫീസിൽ ലഭിച്ച ഒരു പരാതി നെയ്യാറ്റിൻകര സർക്കിൾ ഇൻസ്പെക്ടർക്കു നേരിട്ട് അന്വേഷണത്തിനായി 21-2-1979-ൽ അയച്ചിട്ടുണ്ട്.

ജയിലുകളിലെ തടവുകാർ

1122 [1793] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) കേരളത്തിലെ ജയിലുകളിൽ ഇപ്പോൾ എത്ര തടവുകാർ ഉണ്ട് ;

(ബി) അതിൽ സ്ത്രീകൾ എത്ര ; പുരുഷന്മാർ എത്ര;

(സി) ജയിൽ നടത്തിപ്പിനു സ്റ്റേറ്റിന് ഒരു ദിവസത്തിൽ വരുന്ന ശരാശരി ചെലവെത്ര;

(ഡി) തടവുകാരുടെ വേതനം പരിഷ്കരിക്കുവാൻ ഗവൺമെന്റിനു ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) & (ബി) 15-3-1979-ലെ സ്ഥിതിവിവരക്കണക്കനുസരിച്ച് ജയിലുകളിൽ 2825 തടവുകാരുണ്ട്. അതിൽ 106 സ്ത്രീകളും 2719 പുരുഷന്മാരും ഉൾപ്പെടുന്നു.

(സി) 29,936 രൂപ.

(ഡി) അടുത്ത കാലത്താണ് തടവുകാരുടെ വേതനം വർദ്ധിപ്പിച്ചത്. അതിനാൽ അത് ഉടനെ വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല.

ഐ. പി. എസ്. ഉദ്യോഗസ്ഥർക്കെതിരായുള്ള ശിക്ഷണനടപടി

1123 [1795] ശ്രീ. പി. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാനത്തെ ഐ. പി. എസ്. ഉദ്യോഗസ്ഥന്മാർക്കെതിരായി എന്തെങ്കിലും ശിക്ഷണനടപടി എടുക്കാൻ നിലവിൽ വ്യവസ്ഥ എന്തെങ്കിലുമുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly